നഗരസഭകളുടെ അടിസ്ഥാന സൗകര്യ വികസനം

307 (1732) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014-15 സാമ്പത്തിക വർഷം നഗരകാര്യ വകുപ്പ് ഓരോ നഗരത്തിനും എത്ര തുക വീതം അടിസ്ഥാന സൗകര്യ വികസനത്തിന് നൽകിയിട്ടുണ്ടെന്ന് നഗരം തിരിച്ച് വ്യക്തമാക്കുമോ ;

(ബി) ഏതെല്ലാം നഗരസഭകൾക്ക് പ്രത്യേക പദ്ധതി അനുവദിച്ചിട്ടുണ്ടെന്നും ഏതെല്ലാം തരത്തിലുള്ള പദ്ധതികളാണ് അനുവദിച്ചിരിക്കുന്നതെന്നും വ്യക്തമാക്കുമോ ;

(സി) ആറ്റിങ്ങൾ നഗരസഭയുടെ അടിസ്ഥാന സൗകര്യ വികസനത്തിന് സമർപ്പിച്ച പദ്ധതിയിന്മേൽ എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

നഗരസഭാ ജീവനക്കാരുടെ പി.എഫ്.

308 (1734) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നഗരസഭാ ജീവനക്കാരുടെ ഏതുവർഷം വരെയുള്ള പി.എഫ്. ക്രഡിറ്റ് കാർഡ് നൽകിയിട്ടുണ്ടോ ; ഇതുവരെ എത്ര പേർക്ക് നൽകിയിട്ടുണ്ട് ; കാർഡ് നല്കിയിട്ടില്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ;

(ബി) ഇവരുടെ പി.എഫ്. തുകയ്ക്ക് പലിശ എത്ര ശതമാനം നിരക്കിലാണ് നൽകുന്നത് ;

(സി) പി.എഫ്. സെക്ഷനിൽ വേണ്ടത്ര ജീവനക്കാർ നിലവിലുണ്ടോ ; എത്ര ജീവനക്കാരുടെ അഭാവമാണ് ഇവിടെ ഉള്ളത് ;

(ഡി) പി.എഫ്. പോസ്റ്റിംഗ് നടത്തുന്നതിന് ആധുനിക കമ്പ്യൂട്ടർ സംവിധാനം ഉപയോഗപ്പെടുത്താറുണ്ടോ ; ഇല്ലെങ്കിൽ ഇതിനുള്ള പ്രധാന തടസ്സം വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കൊച്ചി നഗരസഭയിലെ കണ്ടിജന്റ് ജീവനക്കാരുടെ 2008-09 വരെയുള്ള ക്രഡിറ്റ് കാർഡ് പൂർണ്ണമായും നൽകിയിട്ടുള്ളതാണ്. മറ്റ് നഗരസഭകളിലെ കണ്ടിജന്റ് ജീവനക്കാർക്ക് ക്രഡിറ്റ് കാർഡ് നൽകിയതിന്റെ വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.* കണ്ടിജന്റ് ജീവനക്കാർ ഒഴികെയുള്ള നഗരസഭാ ജീവനക്കാർക്ക് ക്രഡിറ്റ് കാർഡ് നൽകിയതിന്റെ വിശദാംശം ശേഖരിച്ച് നൽകുന്നതാണ്.

(ബി) ജി.പി.എഫ്.-ന് അനുവദിക്കുന്ന നിരക്കിലാണ് നഗരസഭാ ജീവനക്കാർക്കും പി.എഫ്. ഉകയ്ക്ക് പലിശ നൽകി വരുന്നത്.

(സി) നിലവിൽ പി.എഫ്. വിഭാഗത്തിൽ 13 സെക്ഷനുകൾ ഉള്ളതിൽ 10 സെക്ഷനിൽ മാത്രമേ ക്ലാർക്കുമാർ നിലവിലുള്ളൂ. മൂന്നുപേരുടെ അഭാവമുണ്ട്.

(ഡി) നഗരസഭകളിൽനിന്നും നഗരകാര്യ ഡയറക്ടറേറ്റിൽ ലഭിക്കുന്ന സ്റ്റേറ്റ്മെന്റുകൾ നഗരകാര്യ ഡയറക്ടറുടെ പി.എഫ്. സെക്ഷനിൽ നിന്നും നേരിട്ട് ഡാറ്റാ എൻട്രി നടത്തുന്നതിന് വേണ്ടിയുള്ള സൗകര്യം ഉൾപ്പെടുത്തി പുതിയ സോഫ്റ്റ്വെയർ ലഭ്യമാക്കുന്നതിന് ഐ.കെ.എം.-നോട് ആവശ്യപ്പെട്ടിട്ടുള്ളതാണ്. ആയത് ലഭിച്ചിട്ടില്ല.

നഗരസഭാ പദ്ധതികൾക്ക് സാങ്കേതിക സഹായം

309 (1735) ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. പി. എ. മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നഗരസഭാ പദ്ധതികൾക്ക് സാങ്കേതിക സഹായം നൽകുവാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ ;

(സി) പ്രസ്തുത പദ്ധതിക്കായി ആരുടെയെല്ലാം സഹായമാണ് പ്രയോജനപ്പെടുത്തുന്നത്, വിശദമാക്കുമോ ;

(ഡി) പ്രസ്തുത പദ്ധതിക്ക് എത്ര രൂപ അനുവദിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.